## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 725 29/11/2018 ൽ മറുപടിയ്ക്ക്

### സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും, വിനോദ സഞ്ചാരവും, ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സഹകരണ വകുപ്പിന്റെ കീഴിൽ എത്ര സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഇനിയും പി.എസ്.സി ക്ക് നൽകുവാനുണ്ട്; വ്യക്തമാക്കമോ ; | എ) | സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 3 സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി യ്ക്ക് നൽകുവാനുണ്ട് . |
| ബി) | ഇതിൽ എത്ര സ്ഥാപനങ്ങളിൽ വിശേഷാൽ ചട്ടം തയ്യാറാക്കി-യിട്ടുണ്ട്; വിശേഷാൽ ചട്ടം തയ്യാറാക്കിയ സ്ഥാപനങ്ങളിൽ നിയമനങ്ങൾ പി.എസ്.സി ക്ക് നൽകുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | ബി) | സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന സഹകരണ ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ, കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷൻ മുതലായവയിലെ സ്പെഷ്യൽ റൂൾസ് അംഗീകരിച്ചിട്ടുള്ളതും, ആയത് പ്രകാരം നിയമനങ്ങൾ നടത്തി വരികയുമാണ്. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ റിക്രൂട്ട്മെന്റ് റൂൾസ് 02.07.2018 ൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മാർക്കറ്റ് ഫെഡിന്റെ കരട് റിക്രൂട്ട്മെന്റ് റൂൾസ് അംഗീകാരത്തിനായി കേരള പബ്ലിക്ക് സർവീസ് കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | വിശേഷാൽ ചട്ടം തയ്യാറാക്കാത്ത സ്ഥാപനങ്ങളിൽ നിലവിൽ ആകെ എത്ര ഒഴിവുകളുണ്ട് ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങൾ എത്ര ; വ്യക്തമാക്കുമോ ? | സി) | സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതും, നിയമന ചട്ടങ്ങൾ തയ്യാറാക്കിയിട്ടില്ലാത്തതുമായ വനിതാ ഫെഡ്, ടൂർഫെഡ്, ഹോസ്പിറ്റൽ ഫെഡ്, മുതലായ സ്ഥാപനങ്ങളിൽ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ടൂർഫെഡിൽ സർക്കാരിന്റെ ഉത്തരവ് പ്രകാരം കരാറടിസ്ഥാനത്തിൽ മാനേജിംഗ് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. വനിതാ ഫെഡിൽ സർക്കാരിന്റെ 12.8.2018 ലെ സ.ഉ.(കൈ) 30/2018/സഹ. നമ്പർ ഉത്തരവ് പ്രകാരം ഒരു ക്ലാർക്ക് തസ്തിക അനുവദിച്ച ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.